# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4027 16.03.2017-ലെ മറുപടിയ്ക്ക്

## പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാനസൗകര്യങ്ങൾ

| | ചോദ്യം<br><br>ശ്രീ.എം.സ്വരാജ് | | മറുപടി<br><br>ശ്രീ.എ.കെ ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
|---|---|---|---|
| എ) | സംസ്ഥാനത്തെ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ; | എ) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അറ്റകുറ്റപ്പണികൾ ആവശ്യമുള്ള ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ഹോസ്റ്റൽ കെട്ടിടങ്ങൾ നവീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എല്ലാ പ്രീമെട്രിക്,പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും നവീകരിച്ച് നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് യുനിസെഫ് നിഷ്കർഷിച്ച മാതൃകയിൽ പ്രപ്പോസൽ തയ്യാറാക്കുന്നതിന് പി.ഒ/ടി.ഡി.ഒ.മാർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ലഭ്യമാക്കുകയും, ലഭ്യമായ പ്രൊപ്പോസലുകൾ പ്രകാരം ഹോസ്റ്റലുകളുടെ നവീകരണം നടപ്പിലാക്കി വരുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | കൂടുതൽ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | ഉണ്ട് |
| സി) | എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ ? | സി) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ നിലവിലുള്ള ഹോസ്റ്റലുകൾക്ക് പുറമേ എറണാകുളം, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോ പോസ്റ്റ്മെട്രിക് ഹോസ്റ്റലും, കണ്ണൂരിൽ ഒരു പ്രീമെട്രിക് ഹോസ്റ്റലും സ്ഥാപിക്കുന്നതിന് KIIFB യിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br><br>KIIFB മുഖേന പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനായി 22/10/2016-ലെ സ.ഉ.(സാധാ) നം.1581/2016/പജപവവിവ പ്രകാരം അനുമതി നല്കിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ഹോസ്റ്റലിന്റെ പേര് | ആകെ തുക (കോടി) |
|---|---|---|
| **പ്രീമെട്രിക് ഹോസ്റ്റൽ** | | |
| 1 | പ്രീമെട്രിക് ഹോസ്റ്റൽ, ബേഡഡുക്ക,(ഗേൾസ്), കാസർഗോഡ് | 5 |
| 2 | പ്രീമെട്രിക് ഹോസ്റ്റൽ കറ്റിക്കോൽ (ബോയ്സ്) കാസർഗോഡ് | 5 |
| 3 | പ്രീമെട്രിക് ഹോസ്റ്റൽ, അച്ചൻകോവിൽ (ഗേൾസ്) കൊല്ലം | 5 |
| 4 | പ്രീമെട്രിക് ഹോസ്റ്റൽ,നെടുങ്കണ്ടം (ഗേൾസ്),ഇടുക്കി | 5 |
| 5 | പ്രീമെട്രിക് ഹോസ്റ്റൽ,ഇടമലയാർ (ബോയ്സ്) എറണാകുളം | 5 |
| | **ആകെ** | 25 |
| **പോസ്റ്റ്മെട്രിക് ഹോസ്റ്റൽ** | | |
| 1 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, നേര്യമംഗലം (ഗേൾസ്),എറണാകുളം | 5 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>2</td><td>പോസ്റ്റ് മെട്രിക് ഹോസ്റ്റൽ,കോടാലിപ്പാറ (ബോയ്സ്),കട്ടപ്പന,ഇടുക്കി</td><td>5</td></tr>
<tr><td></td><td>ആകെ</td><td>10</td></tr>
</table>
പെൺകുട്ടികൾക്കായി തിരുവനന്തപുരം, കോഴിക്കോട്,അട്ടപ്പാടി എന്നീ സ്ഥലങ്ങളിൽ പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനായും നടപടി സ്വീകരിച്ചുവരുന്നു.
</td>
</tr>
</table>

സെക്ഷൻ ഓഫീസർ